# *ഓസ്കാർ വിവാദവും, ഇരയിമ്മൻ തമ്പിയും, ബോംബെ ജയശ്രീയും*

*പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു*, **D.Sc., Ph.D.**

*ലൈഫ് ഓഫ് പൈ*യിലെ ശീർഷകഗാനമായ (ടൈറ്റിൽ സോങ്) താരാട്ടുപാട്ടിനെ ചൊല്ലി വിവാദം ഉയർന്നിരിക്കുകയാണല്ലോ. നല്ല ഗാനത്തിനുള്ള 2013ലെ മൗലികഗാന (ഒറിജിനൽ സോങ്) വിഭാഗത്തിൽ **Pi's Lullaby**യുടെ കർത്താവെന്ന പേരിൽ ബോംബെ ജയശ്രീക്കു ഓസ്കാർ നാമനിർദ്ദേശം (നോമിനേഷൻ) കിട്ടിയതുതന്നെ പ്രധാന കാരണം. ഞാൻ എന്തുകൊണ്ട് "സ്വാഭിപ്രായ"പ്രകടനത്തിനു മുതിരുന്നൂവെന്ന് സ്വാഭാവികമായും സംശയമുണ്ടാകാം – കക്ഷിരഹിതമായ വിശകലനം ഉചിതമെന്നു തോന്നിയതുകൊണ്ട്.

ഒന്നാമതായി, പുസ്തകരൂപത്തിലേ താൽപര്യം തോന്നിയ *ലൈഫ് ഓഫ് പൈ* സിനിമയായി പ്രദർശനം തുടങ്ങിയ ആദ്യവാരത്തിൽ തന്നെ ആ ചിത്രം കണ്ടിരുന്നു. *കണ്ണേ കൺമണിയേ* എന്നു തുടങ്ങുന്ന ആ ഈരടി മനസ്സിൽ തങ്ങുകയും, അതിനെക്കുറിച്ച് ചില ചലച്ചിത്ര പ്രതിഭകളുമായി കൊച്ചുവർത്തമാനം പറയുകയും ചെയ്തിരുന്നു.

ബോംബെ ജയശ്രീയുടെ ചെറുസംഗീതക്കച്ചേരി രണ്ടു തവണയെങ്കിലും ഷണ്മുഖാനന്ദയുടെ *ഫോയർ ഏരിയ*യിൽ "സംഗീത"യുടെ ആഭിമുഖ്യത്തിൽ നടന്നപ്പോൾ കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. വളരെ ഭാവിയുള്ള ഒരുവൾ എന്ന് അന്നേ തോന്നിയ അവർ, ടി. ആർ. ബാലമണിയുടെ ശിഷ്യയായിരുന്നെന്നും ഓർക്കുന്നു.

മലയാളിയായ സ്വാതിതിരുനാളിന്റെ രാജസദസ്സിൽ കവിയും സംഗീതകാരനുമായി തിളങ്ങിയ ഇരയിമ്മൻ തമ്പിയുടെ *ശങ്കരാഭരണ* സ്വരങ്ങളിൽ ചിട്ടപ്പെടുത്തിയ *ഓമനത്തിങ്കൾക്കിടാവോ* കേൾക്കാത്തവരുണ്ടോ? അതിന്റെ പൂർണ്ണരൂപം ഞാൻ ആദ്യമായി വായിക്കുന്നത് 1978 ജനുവരി മുതൽ കൈവശമുള്ള എ. ആർ.ന്റെ അലങ്കാരശാസ്ത്രഗ്രന്ഥമായ *ഭാഷാഭൂഷണ*ത്തിലാണ്. *സസന്ദേഹം* എന്ന അലങ്കാരത്തിനു ലക്ഷ്യമായി ഉദ്ധരിച്ചിട്ടുള്ള ഈ ഗാനം, ഗ്രന്ഥകാരന്റെ രാജവംശപാരമ്പര്യം കണക്കിലെടുക്കുമ്പോൾ, പ്രക്ഷിപ്തങ്ങളൊന്നുമില്ലാതെ മൂലത്തിൽ നിക്ഷിപ്തമെന്നു കരുതാം. കൂടാതെ, എന്റെ കുട്ടികൾക്കു ഉറക്കുപാട്ടായി ഈ ഗാനം ഞാൻ ഒരായിരം തവണ മൂളിയിട്ടുമുണ്ട്.

ചേർത്തല തമ്പി സ്മാരക പ്രതിമയ്ക്കു മുമ്പിൽ, അനുകരണ-സാഹിത്യചോരണത്തിന്റെ പേരിൽ ജയശ്രീ മാപ്പ് പറയണമെന്ന പത്രവാർത്ത വന്നത് കുറച്ചു ദിവസങ്ങൾക്കു മുമ്പ്. ജയശ്രീയിൽ ചാർത്തിയിട്ടുള്ള കുറ്റം ഗൗരവതരമാണ്. കാരണം, *മൗലികഗാന*ത്തിനാണല്ലോ ഓസ്കാർ നാമനിർദ്ദേശം.

സാഹിത്യചോരണം (കാവ്യചൗര്യം) എന്ന ആരോപണം ചാർത്തപ്പെട്ടവരും, മതിയായ തെളിവുകളില്ലാതെ അത് ചാർത്തുന്നവരും ഒരുപോലെ ശിക്ഷാർഹരാണെന്നാണ് എന്റെ അഭിപ്രായം. പലപ്പോഴും ഇത്തരം ആരോപണങ്ങൾ അപക്വമതികളുടെ അസൂയയിൽ നിന്നും ജനിക്കാറുണ്ട്. സാഹിത്യരംഗത്തെ പല പുതുനാമ്പുകളേയും ആക്ഷേപശരമുപയോഗിച്ച് പിഴുതെറിയുന്നതിന് ഇത്തരം മാർഗ്ഗം ഉപയോഗിക്കുന്നതും നാം കണ്ടിട്ടുണ്ട്. പല കൃതികളും വായിക്കാതെ തന്നെ അതിലെ സന്ദർഭങ്ങളും ആശയങ്ങളും നാം പലപ്പോഴും കാണാറും അനുഭവിക്കാറുമുണ്ട്. ചില കൃതികൾ വായിക്കുമ്പോൾ "അയാളോട് ഈ കഥ ആരാണ് പറഞ്ഞതെ"ന്നും തോന്നാറില്ലേ? ശാസ്ത്രരംഗത്ത് പ്രത്യേകിച്ചും, ഒരേ ആശയം പല ഭൂഖണ്ഡങ്ങളിൽ നിന്നും ഒരേ സമയം പ്രസിദ്ധീകൃതമാകാറുണ്ട്.

ഇനി ജയശ്രീയുടെ മേലുള്ള ആരോപണം: അവർ *ഓമനത്തിങ്കൾ* കേട്ടിട്ടുണ്ടായിരിക്കാനുള്ള സാദ്ധ്യതകൾ ഏവ? കേരളത്തിൽ നിന്നും കൽക്കട്ടവഴി ബോംബെ, മദ്രാസ് എന്നിവടങ്ങളിൽ എത്തിപ്പെട്ട അവരുടെ മാതാപിതാക്കളിലാരെങ്കിലും കേരളം വിട്ട തമിഴ് ബ്രാഹ്മണ കുടിയേറ്റക്കാരാണെങ്കിൽ ഈ ഗാനം ചെറുപ്പത്തിലേ കേട്ടിരിക്കാം. അവരുടെ മാട്ടുംഗയിലെ വാസവും (?) ഇതിനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു—സാഹിത്യചോരണം, ആ ആരോപണത്തിൽ കഴമ്പുണ്ടെങ്കിൽ, ചാർത്താൻ മതിയായ തെളിവല്ലെങ്കിലും.

ഇതു വായിക്കുന്ന പ്രായപൂർത്തിയായ വായനക്കാർക്കു വ്യക്തമായ തീരുമാനമെടുക്കാൻ സഹായിക്കുന്ന ചില രേഖകൾ താഴെ കുറിക്കട്ടെ.

ജയശ്രീയുടെ ഗാനം ആദ്യം *യുട്യൂബി*ൽ കണ്ടുകേൾക്കുക – ലിങ്ക് താഴെ:

Life of Pi lullaby

http://www.youtube.com/watch?v=8vbxdqCi_AQ

ഞാനതിങ്ങനെ കേട്ടെഴുതട്ടെ:

കണ്ണേ... ഏ... കൺമണിയേ...

കണ്ണുറങ്കായ്... പൂവേ...

മയിലോ... തൂകൈ മയിലോ...

കുയിലോ... കൂവും കുയിലോ...

നിലവോ... നിലവിൻ ഒളിയോ...

ഇമയോ... ഇമയിൻ കണ്ണാവോ...

രാരാരോ... ഊം... രാരാരോ...

മലരോ...		മലരിൻ അമുദോ...

കനിയോ...	എൻ കനിയിൻ സുവയോ...

രാരാരോ... ഊം...  രാരാരോ...

------------------------------------------------------------

<u>ഓമനത്തിങ്കൾ...</u> (ഇരയിമ്മൻ തമ്പി; 25 വരികൾ)

ഓമനത്തിങ്കൾ കിടാവോ – നല്ല കോമളത്താമരപ്പൂവോ

പൂവിൽ നിറഞ്ഞ മധുവോ – പരിപൂർണ്ണേന്ദുതന്റെ നിലാവോ

പുത്തൻപവിഴക്കൊടിയോ – ചെറു തത്തകൾ കൊഞ്ചും മൊഴിയോ

ചാഞ്ചാടിയാടും മയിലോ – മൃദു പഞ്ചമം പാടും കുയിലോ

തുള്ളുമിളമാൻകിടാവോ – ശോഭ കൊള്ളുന്നൊരന്നക്കൊടിയോ

ഈശ്വരൻ തന്ന നിധിയോ – പരമേശ്വരിയേന്തും കിളിയോ

പാരിജാതത്തിൻ തളിരോ – എന്റെ ഭാഗ്യദ്രുമത്തിൻ ഫലമോ

വാത്സല്യരത്നത്തെ വയ്പാൻ – മമ വാച്ചോരു കാഞ്ചനച്ചെപ്പോ

ദൃഷ്ടിക്കു വെച്ചോരമൃതോ – കൂരിരുട്ടത്തു വെച്ച വിളക്കോ

കിർത്തിലതയ്ക്കുള്ള വിത്തോ – എന്നും കേടുവരാതുള്ള മുത്തോ

ആർത്തിതിമിരം കളവാൻ – ഉള്ള മാർത്താണ്ഡദേവപ്രഭയോ

സൂക്തിയിൽ കണ്ട പൊരുളോ – അതിസൂക്ഷ്മമാം വീണാരവമോ

വൻപിച്ച സന്തോഷവല്ലീ – തന്റെ കൊമ്പതിൽ പൂത്ത പൂവല്ലീ?

പിച്ചകത്തിൻമലർച്ചെണ്ടോ – നാവിന്നിച്ഛ നൽകും നല്ക്കല്ക്കണ്ടോ

കസ്തൂരിതന്റെ മണമോ – നല്ല സത്തുക്കൾക്കുള്ള ഗുണമോ

പൂമണമേറ്റോരു കാറ്റോ – എറ്റം പൊന്നിൽ കലർന്നോരു മാറ്റോ

കാച്ചിക്കുറുക്കിയ പാലോ – നല്ല ഗന്ധമെഴും പനിനീരോ

നന്മ വിളയും നിലമോ –  ബഹു ധർമ്മങ്ങൾ വാഴും ഗൃഹമോ

ദാഹം കളയും ജലമോ – മാർഗ്ഗഖേദം കളയും തണലോ

വാടാത്ത മല്ലികപ്പൂവോ – ഞാനും തേടിവെച്ചുള്ള ധനമോ

കണ്ണിന്നു നല്ല കണിയോ – മമ കൈവന്ന ചിന്താമണിയോ

ലാവണ്യപുണ്യനദിയോ – ഉണ്ണിക്കാർവർണ്ണൻതന്റെ കണിയോ

ലക്ഷ്മീഭഗവതി തന്റെ – തിരുനെറ്റിമേലിട്ട കുറിയോ

എന്നുണ്ണിക്ക്യഷ്ണൻ ജനിച്ചോ – പാരിലിങ്ങനെ വേഷം ധരിച്ചോ

പത്മനാഭൻതൻ കൃപയോ – ഇനി ഭാഗ്യംവരുന്ന വഴിയോ?

കേൾക്കാൻ *യുട്യൂബ്* ലിങ്ക് താഴെ:

omanathinkgalkkidavo (S. Janaki)

http://www.youtube.com/watch?v=w4N4fQZH-dY

------------------------------------------------------------

മുപ്പതു വർഷം മുമ്പ്, സ്വാതിതിരുനാൾ കൃതികളുടെ യഥാർത്ഥ കർത്താവ് കൊട്ടാരത്തിൽ സംഗീതസേവയ്ക്കായ് നിന്നിരുന്ന, തമിഴുദേശക്കാരായ വടിവേലു നാൽവർ സഹോദരരാണെന്ന്, മദിരാശി ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന വൈണികൻ ബാലചന്ദർ തുടങ്ങിയ സംഗീതജ്ഞർ ആരോപിച്ചിരുന്നു. മനോഹരങ്ങളായ പല സ്വാതികൃതികളും ആലപിക്കാൻ അവിടത്തുകാരിൽ ചിലർ വൈമുഖ്യം കാട്ടിയിരുന്നെന്നും കേട്ടിട്ടുണ്ട്. നാം ചർച്ച ചെയ്യുന്ന പ്രശ്നവുമായി നേരിട്ടു ബന്ധമുള്ളതല്ലെങ്കിലും ഇങ്ങനെയൊരു ചരിത്ര പശ്ചാത്തലമുണ്ടെന്ന് സൂചിപ്പിച്ചെന്നു മാത്രം.

ഈ വസ്തുതകൾക്കൊപ്പം ലഭ്യമായ മറ്റു കാര്യങ്ങളും കൂട്ടിച്ചേർത്ത് നിങ്ങൾക്കും വിധികർത്താക്കളാകാം. ഈ വിഷയസംബന്ധിയായ ഒരു പത്രവാർത്തയുടെ ലിങ്ക് ഇതാ:

News Item:

http://news.keralakaumudi.com/news.php?nid=ab7e3f4ceba7f23947ef49a3bbf93b56

*******************************************************************************************